പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

പി.എം.ജി.എസ്.വൈ. പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7313

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>,, മാത്യു റ്റി. തോമസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ.യിൽപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിക്കുന്ന പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | പി.എം.ജി.എസ്.വൈയിൽപ്പെടുത്തി കേന്ദ്രസർക്കാരിൽ നിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടില്ല |
| (ബി) | പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകളിൽ ഇളവു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; | (ബി) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടത്; | (സി) | നിലവിലുള്ള റോഡിന്റെ ഗ്രേഡിയന്റിന് കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രേഡിയന്റിന്റെ ചരിവിലും റോഡിന്റെ വീതിയിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ജനസാന്ദ്രത കണക്കിലെടുത്ത് റോഡിന്റെ വീതി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് |
| (ഡി) | അതിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ ; | (ഡി) | ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഇ) | 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ് പി.എം.ജി.എസ്.വൈ. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രിമീയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2013- 2014 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. 8-ാം ഘട്ടത്തിൽ മൂന്ന് ബാച്ചുകളിലായി 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്കാണ് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്കായി 150 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ